സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും ജോലി ഉപേക്ഷിച്ച് ഇതര സർക്കാർ വകുപ്പുകളിൽ ജോലിയിൽ പ്രവേശിച്ചവരുടെ ശമ്പളപരിഷ്ക്കരണ കുടിശ്ശിക തുക അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 2191/21/Est-I** നന്തൻകോട്, **29/01/2024**

---

പരാമർശം :- 1) 04-11-2019 ലെ മേൽ നമ്പർ ഉത്തരവ്.
2)ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 09-01-2024 ലെ
DA 21/24/E-1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

പരാമർശം 1 പ്രകാരം അനുവദിച്ച ശമ്പളപരിഷ്ക്കരണ കുടിശ്ശിക തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ നിന്നും ജോലി ഉപേക്ഷിച്ച് വിവിധ സർക്കാർ വകുപ്പുകളിൽ ജോലിയിൽ പ്രവേശിച്ചവരുടെ അപേക്ഷകൾ ലഭിച്ചു.

ഇത്തരത്തിൽ ജോലി ഉപേക്ഷിച്ച് പോയിട്ടുള്ളവർക്ക് അവർ ജോലി നോക്കിയിരുന്ന കാലയളവിലെ അർഹതപ്പെട്ട കുടിശ്ശിക തുക ചെലവെഴുതുന്നതിന് അനുവാദം നൽകാവുന്നതായി ദേവസ്വം അക്കൗണ്ട്സ് ആഫീസർ അഭിപ്രായപ്പെട്ടു (പരാമർശം -2)

ടി വിഷയം ബോർഡ് പരിശോധിച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സേവനം അവസാനിപ്പിച്ച് ഇതര സർക്കാർ സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചവർക്ക് പരാമർശം 1 ഉത്തരവിൽ അനുവദിച്ചിട്ടുള്ള ക്രമം അർഹതപ്പെട്ട ശമ്പളപരിഷ്ക്കരണ കുടിശ്ശിക തുക 4 തുല്യ ഗഡുക്കളായി ടിയാളുകൾ അവസാനം ജോലി നോക്കിയിരുന്ന ആഫീസുകളിൽ നിന്നും 01/2024, 02/2024, 03/2024, 04/2024 എന്നീ മാസങ്ങളിൽ ചെലവെഴുതി നൽകുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
**സെക്രട്ടറി**

പകർപ്പ് :-
1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി